# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2328

19-07-2016 ൽ മറുപടിയ്ക്ക്

## കരനെൽകൃഷി പദ്ധതി

**ചോദ്യം**
ശ്രീ. എൻ .എ.നെല്ലിക്കുന്ന്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരനെൽകൃഷി പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി വീണ്ടും നടപ്പാക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി ആസൂത്രണം ചെയ്ത് 2560 ഹെക്ടറിൽ നടപ്പിലാക്കിവരുന്നു. ആയതിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡിയും വിത്ത് സൗജന്യമായും (ഒരു ഹെക്ടറിന് 87.5 കിലോഗ്രാമെന്ന നിരക്കിൽ 3500/- രൂപയുള്ള വിത്ത്) നൽകി പദ്ധതി നടപ്പിലാക്കുന്നു. |
| (ബി) | ഈ പദ്ധതി നടപ്പാക്കുകയാണെങ്കിൽ കർഷകർക്കു കിട്ടുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കർഷകർക്ക് ഹെക്ടറിന് 10000/- രൂപ സബ്സിഡിയും ഒരു ഹെക്ടറിന് 87.5 കിലോഗ്രാമെന്ന നിരക്കിൽ 3500/- രൂപയുള്ള വിത്തും സൗജന്യമായി നൽകുന്നു. |
| (സി) | പ്രസ്തുത ആനുകൂല്യങ്ങൾ നൽകുമ്പോൾ കണക്കാക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ഈ പദ്ധതി കർഷകരുടെ ഭൂമിയിലും, സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലും, സ്കൂൾപരിസരങ്ങൾ, ദേവാലയങ്ങൾ, ജയിൽ പരിസരങ്ങൾ, പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളുടെ സ്ഥലങ്ങൾ തുടങ്ങിയ എല്ലാ പ്രദേശങ്ങളിലും ഒരു സെന്റ് മുതൽ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് പരമാവധി 5 ഏക്കർ വരെ കൃഷിചെയ്യുന്ന ഒരാൾക്ക് കരനെൽകൃഷിയ്ക്കായി സബ്സിഡി ലഭ്യമാണ്. |

AO

സെക്ഷൻ ഓഫീസർ